തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

നിശ്ചിത പരീക്ഷായോഗ്യതയുള്ളവരും 45 വയസ്സിനു മേലിയത്തവരും പഴയ തിരുവിതാംകൂർ സംസ്ഥാനത്തിൽപ്പെട്ട പഞ്ചായത്തുകളിലേയും വില്ലേജുകളിലേയും ജീവനക്കാരും ആയവരെ പഞ്ചായത്ത് ആഫീസറന്മാരായി നിയമിച്ചുകൊള്ളണമെന്നു് നിർദ്ദേശം നൽകിയിട്ടുണ്ടു്.

മരച്ചീനിയുടെ വിലയിടിവു്.

* 113. [67] ശ്രീ. പി. എം. മക്കോസു് : താഴെ കാണുന്ന ചോദ്യത്തിനു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മരച്ചീനിയുടെ വിലയിടിവുമൂലം മരച്ചീനികൃഷിക്കാരുടെ ദുരിതാശ്വാസത്തിനുവേണ്ടി ഇതിനകം ഗവണ്മെൻറു് എന്തെല്ലാം നടപടികൾ നടത്തിയിട്ടുണ്ടു് ?

ആഭ്യന്തരകായ്കൃഷി മന്ത്രി (ശ്രീ. എ. ജെ. ജോൺ) :

മരച്ചീനികൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും, മരച്ചീനിയുടെ വ്യവസായ സാദ്ധ്യതകളെപ്പറ്റി ആരായുന്നതിനും, നാട്ടിലും വിദേശങ്ങളിലും വിപണികൾ കണ്ടുപിടിക്കുന്നതിനും മറ്റും ഗവണ്മെൻറിനെ ഉപദേശിക്കുന്നതിനായി "മരച്ചീനി വികസനബോർഡു്" എന്ന പേരിൽ ഒരു സമിതി രൂപീകരിച്ചു. കൂടാതെ ഒരു അടിയന്തരാശ്വാസനടപടിയെന്ന നിലയിൽ 20,000 ടൺ ഉണക്കിയ മരച്ചീനി വിലയ്ക്കെടുക്കാൻ തീരുമാനിച്ചു. അതിനായി സത്വരനടപടികളും സ്വീകരിച്ചു.

ആയുർവേദ ആശുപത്രി സ്ഥാപന കമ്മിറ്റി റിപ്പോർട്ടു്.

* 114. [68] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ ആശുപത്രിസ്ഥാപനം സംബന്ധിച്ചു് ഗവണ്മെൻറു് നിയമിച്ച കമ്മിറ്റിയുടെ ജോലി പൂർത്തിയാക്കി റിപ്പോർട്ടു് ഗവണ്മെൻറിൽ കിട്ടിയിട്ടുണ്ടോ ;

(ബി) എത്ര അലോപ്പതി ആശുപത്രികളും, എത്ര ആയുർവേദ ആശുപത്രികളും സ്ഥാപിക്കാൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടു് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) കിട്ടിയിട്ടുണ്ടു്.

(ബി) 64 അലോപ്പതി ആശുപത്രികളും, 183 ആയുർവേദആശുപത്രികളും.

ലോക്കൽ ഡവലപ്പുമെൻറു് ജോലികൾ.

* 115. [70] ശ്രീമതി കെ. ആർ. ഗൌരി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly